# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 2252** **18-03-2015 ലെ മറുപടിയ്ക്ക്**

## നിക്ഷേപ തട്ടിപ്പുകാർക്കെതിരെ സ്വീകരിച്ച നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. സി. മമ്മൂട്ടി :** | **ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |
| **(എ)** ജനങ്ങളിൽനിന്ന് നിക്ഷേപം സ്വീകരിക്കുകയും പിന്നീട് നിക്ഷേപമോ ലാഭ വിഹിതമോ തിരികെ നൽകാതെ നിക്ഷേപകരെ കബളിപ്പിക്കുകയും ചെയ്യുന്നവരുടെ സ്വത്ത് വകകൾ കണ്ടുകെട്ടി നിക്ഷേപകർക്ക് അവരുടെ തുക തിരികെ നൽകാൻ എന്തെങ്കിലും നിയമം നിലവിലുണ്ടോ ; | **(എ), (ബി) & (സി)** ജനങ്ങളിൽനിന്ന് നിക്ഷേപം സ്വീകരിച്ച ശേഷം നിക്ഷേപകരെ കബളിപ്പിക്കുന്ന ധനകാര്യ സ്ഥാപനങ്ങളുടെ സ്വത്ത് വകകൾ കണ്ടുകെട്ടുന്നതിനും നിക്ഷേപകർക്ക് മടക്കി കൊടുക്കുന്നതിനും മറ്റ് നടപടികൾക്കുമായി 16/02/2015-ലെ 365-ാം നമ്പർ അസാധാരണ ഗസറ്റ് വിജ്ഞാപനം വഴി സംസ്ഥാനത്ത് '2013-ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താൽപര്യ സംരക്ഷണ ആക്റ്റ് നിലവിൽ വന്നിട്ടുണ്ട്. <br> നിയമത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| **(ബി)** എങ്കിൽ ഏത് നിയമം; അതിന്റെ പകർപ്പ് ലഭ്യമാക്കാമോ ; | |
| **(സി)** ഇല്ലെങ്കിൽ അത്തരത്തിൽ ഒരു നിയമം കൊണ്ടുവരാൻ തയ്യാറാകുമോ ; | |
| **(ഡി)** അത്തരം നിയമം എല്ലാ സംസ്ഥാനത്തും നടപ്പിലാക്കണമെന്ന സുപ്രീം കോടതിയുടെ നിരീക്ഷണം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | **(ഡി) & (ഇ)** ഉണ്ട്. 16/02/2015-ൽ '2013-ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താൽപര്യ സംരക്ഷണനിയമം' നിലവിൽ വന്നിട്ടുണ്ട്. നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| **(ഇ)** അത്തരം നിയമം എപ്പോൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | |

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്